കോടതി സമയം എന്താണെന്നുള്ള ചോദ്യത്തിലെ രണ്ടാമത്തെ ഭാഗത്തിന്റെ ഉത്തരം, തിങ്കൾ, ചൊവ്വാ, വ്യാഴം ഈ ദിവസങ്ങളിൽ 10 മണിമുതൽ 5 മണിവരെയും ശനിയാഴ്ച 10 മണിമുതൽ 2 മണിവരെയും എന്നാണ്.

MR. A. V. JOSEPH : ഈ ജഡ്ജിമാർ സമയത്തു് കോടതിയിൽ വരുന്നുണ്ടോ എന്നു അന്വേഷിച്ചിട്ടുണ്ടോ?

HON'BLE MR. A. J. JOHN : വരുന്നില്ലെന്നുള്ളതിനു് യാതൊരു റിപ്പോർട്ടും ഗവണ്മെന്റിനു കിട്ടിയിട്ടില്ല.

MR. A. V. JOSEPH : ജഡ്ജിമാർ സമയത്തു വരാതിരിക്കുന്നതുകൊണ്ടു് അതുകൊണ്ടു് വിഷമമുണ്ടാകുന്നുണ്ടെന്നറിയാമോ ?

MR. PRESIDENT : They are not questions for information. You are imparting information to the Government. It is disallowed.

*State Transport.*

*260. MR. P. GOPALAN (*Vaikom III—General*) : Will the Hon'ble Minister for Transport be pleased to state :

(*a*) whether there is a proposal for constructing a waiting shed at Vaikom ; and

(*b*) if the answer to part (*a*) is in the affirmative, how far has it progressed ?

HON'BLE MR. K. R. ELANKATH : (എ) ഉണ്ടു്.

(ബി) ഗവണ്മെന്റിന്റെ ആലോചനയിലിരിക്കുകയാണു്. അവിടെ അഞ്ചലാഫീസു് ഇട്ടിരിക്കുന്ന സ്ഥലത്തുനിന്നും ഫാ സെന്റു സ്ഥലം ഈ ആവശ്യത്തിലേക്കു് എടുത്തുകൊടുക്കണമെന്നു ഡിപ്പാർട്ടുമെന്റിൽനിന്നും ആവശ്യപ്പെട്ടിട്ടുണ്ടു്. അതേ സംബന്ധിച്ചു് അഞ്ചൽസൂപ്രണ്ടിന്റെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണു്. അതിനു താമസം നേരിടുന്നപക്ഷം തൽക്കാലം വേറെയൊരു സ്ഥലം വാടകയ്ക്കെടുത്തു ഡിപ്പാർട്ടുമെന്റു ആവശ്യത്തിനു ഉപയോഗിക്കാമെന്നാണു് വിചാരിക്കുന്നതു്.

MR. P. GOPALAN : സ്ഥലം എടുക്കണമെന്നു വിചാരിക്കുന്നതു വെയിറ്റിംഗ് ഷെഡ് ഉണ്ടാക്കാനാണോ ബസുകളെ രാത്രികാലങ്ങളിൽ ഇട്ടു സൂക്ഷിക്കുന്നതിനാണോ?

HON'BLE MR. K. R. ELANKATH : രണ്ടിനും ആ സ്ഥലം ഉപയോഗിക്കാമെന്നാണു് വിചാരിക്കുന്നതു്.

MR. P. GOPALAN : ആ സ്ഥലം ബസ് സ്റ്റാൻറിൽനിന്നും വളരെ അകലെയാണെന്നറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. K. R. ELANKATH : അവിടെനിന്നും ആളുകളെ ബസ്സിൽ കയറുന്നതിനു അനുവദിച്ചാൽ ആ വിഷമം തീരുമല്ലോ. മാത്രമല്ല വേറെ ഒരു പ്രൊപ്പോസൽ ഗവണ്മെൻറിന്റെ ആലോചനയിലിരിക്കുകയാണെന്നു ഞാൻ നേരത്തെ പറഞ്ഞല്ലോ.

MR. P. GOPALAN : ആ പ്രൊപ്പോസൽ നടപ്പിൽ വരുന്നതിനു ഇത്ര കാലതാമസം എന്താണെന്നു പറയാമോ?

HON'BLE MR. K. R. ELANKATH : ഒരു ഡിപ്പാർട്ടുമെൻറിന്റെ അധിനതയിൽ ഇരിക്കുന്ന സ്ഥലം മറെറാരു ഡിപ്പാർട്ടുമെൻറിന്റെ ആവശ്യത്തിലേക്ക് എടുക്കുമ്പോൾ ആ ഡിപ്പാർട്ടുമെൻറിനു എന്തെങ്കിലും അസൗകര്യം ഉണ്ടാകുന്നുണ്ടോ എന്നന്വേഷിക്കേണ്ടതുണ്ട്. അതു കഴിഞ്ഞാൽ പിന്നെ എസ്റ്റിമേറും മറ്റും തയ്യാറാക്കുന്നതിനു കുറെ സമയം വേണ്ടിവരും. അല്ലാതെ പ്രത്യേക കാലതാമസം ഒന്നും ഉണ്ടാകുകയില്ല.

MR. P. T. CHACKO : വൈക്കത്തു ബസ്സ് സ്റ്റാൻറാനുമില്ലെന്നറിയാമോ?

HON'BLE MR. K. R. ELANKATH : ബസ്സ് സ്റ്റാൻറ് ഉണ്ട്.

MR. P. T. CHACKO : വൈക്കത്തു സ്ഥിരമായ ബസ് സ്റ്റാൻറു ഒന്നുമില്ല, ബസുകൾ വഴിയിലെവിടെയെങ്കിലും പോയി കിടക്കുകയാണു പതിവെന്നു ഗവണ്മെൻറിനറിയാമോ?

HON'BLE MR. K. R. ELANKATH : വൈക്കത്തു ബസുസ്റ്റാൻറുണ്ട്. പക്ഷെ അവിടെ ഒരു ഗ്യാരേജു ഇല്ലെന്നറിയാം. അതുണ്ടാക്കുന്നതിനെപ്പറ്റിയും ഗവണ്മെൻറു ആലോചിച്ചുവരുന്നുണ്ട്.

MR. P. GOPALAN : തൽക്കാലം ഒരു ടെമ്പററി ഷെഡ് എങ്കിലും ഉടനെ അവിടെ ഉണ്ടാക്കി യാത്രക്കാരുടെ വിഷമതകൾ പരിഹരിക്കുന്നതിനു ഭയമുണ്ടാകുമോ?

HON'BLE MR. K. R. ELANKATH : അതാണു ഞാൻ നേരത്തെ പറഞ്ഞതു്. അതിനെപ്പറ്റി ആലോചിക്കുന്നുണ്ടെന്നു്.

### *Site for erecting Waiting shed at Vaikom.*

*261. MR. P. GOPALAN : Will the Hon'ble Minister for State Transport be pleased to state:

(*a*) whether the Government have selected any particular place for constructing the waiting shed at Vaikom; and

(*b*) if the answer to part (*a*) is in the affirmative which is the site?

HON'BLE MR. K. R. ELANKATH : (*a*) The question of choosing a site is engaging the attention of Government.

(*b*) Does not arise in view of the answer to part (*a*).

LIBRARY ARCHIVES Kerala Legislative Assembly